**കണ്ണൂർ സർവകലാശാല**

**(പരീക്ഷാ വിഭാഗം )**

# ക്വട്ടേഷൻ നോട്ടീസ്

കണ്ണൂർ സർവകലാശാല താവക്കര കാമ്പസിൽ 2025-26 വർഷത്തിൽ നടത്തപെടുന്ന വിവിധ പരീക്ഷാമൂല്യനിർണ്ണയ ക്യാമ്പിന്റെ (October/November 2025 session, March/April 2026 session) ആവശ്യാർത്ഥം ഫർണിച്ചർ, ഫാൻ എന്നിവ ദിവസ വാടക അടിസ്ഥാനത്തിൽ താവക്കര കാമ്പസിൽ എത്തിച്ച് സജ്ജീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് താൽപ്പര്യമുള്ള സ്ഥാപനങ്ങളിൽനിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്യാമ്പിലേക്ക് ആവശ്യമുള്ള സാധനങ്ങളുടെ വിശദവിവരം താഴെക്കൊടുത്തിരിക്കുന്നു .

| ക്രമനമ്പർ | ഇനം | ആവശ്യമായ എണ്ണം(ഏകദേശം) |
|---|---|---|
| 1 | മേശ ( ഒരു ഭാഗത്ത് മാത്രം കസേര ഇടാവുന്നത് ) | 100 |
| 2 | ഫൈബർ കസേര (കൈ ഇല്ലാത്തത് ) | 200 |
| 3 | പെഡസ്റ്റൽ ഫാൻ | 10 |

ഒന്നുവീതം മേശ, കസേര, ഫാൻ എന്നിവ പ്രതിദിനം എത്ര രൂപയ്ക്ക് വാടകയ്ക്ക് നൽകാം എന്നും പട്ടികയിൽ കാണിച്ചിരിക്കുന്ന അത്രയും എണ്ണം സാധനങ്ങൾ ഒരുദിവസത്തേക്ക് മൊത്തം എത്ര വാടകയ്ക്ക് നൽകാൻ കഴിയും എന്നും ക്വട്ടേഷനിൽ വിശദമാക്കേണ്ടതാണ്.

ക്വട്ടേഷനുകൾ മുദ്രവെച്ച കവറുകളിൽ കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, കണ്ണൂർ യൂണിവേഴ്സിറ്റി, സിവിൽ സ്റ്റേഷൻ പി.ഒ., താവക്കര, കണ്ണൂർ-2 എന്ന വിലാസത്തിലോ സർവകലാശാല പ്രവൃത്തിസമയങ്ങളിൽ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ നേരിട്ടോ എത്തിക്കേണ്ടതാണ് .

**മുദ്രവെച്ച ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തിയ്യതി 28-10-2025 ന് രാവിലെ 11 മണി വരെയായിരിക്കും.ക്വട്ടേഷനുകൾ 28-10-2025 ന് 4 മണിക്ക് സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്.**

ക്വട്ടേഷനിൽ കാണിച്ചിരിക്കുന്ന സാധനങ്ങൾ എണ്ണത്തിൽ കൂടുതൽ ആവശ്യം വരികയാണെങ്കിൽ കരാറുകാരൻ അവ എത്തിക്കാൻ ബാധ്യസ്ഥനാണ്.

ക്യാമ്പിലേക്കുള്ള മേൽ കാണിച്ച സാധനങ്ങൾ സർവകലാശാല ആവശ്യപ്പെടുന്ന ദിവസം ഉച്ചയ്ക്ക് 1 മണിക്ക് മുൻപായി താവക്കര ക്യാംപസിൽ നിർദ്ദിഷ്ട സ്ഥലത്ത് എത്തിച്ച് സജീകരിക്കേണ്ടതാണ്.

സാധനങ്ങൾ ചുരുങ്ങിയത് 7 ദിവസത്തേക്ക് ഉപയോഗത്തിന് ലഭ്യമാക്കേണ്ടതാണ്.

ക്യാമ്പ് പ്രവർത്തിക്കുന്ന ദിവസങ്ങളിൽ മാത്രമേ ക്യാമ്പിൽ സജ്ജീകരിച്ചിരിക്കുന്ന സാധനങ്ങൾക്ക് വാടക ലഭ്യമാവുകയുള്ളൂ.

സാധനങ്ങൾ ക്യാമ്പിൽ കൂടുതൽ ദിവസത്തേക്ക് ഉപയാഗത്തിന് ലഭ്യമാകേണ്ടതുണ്ടെങ്കിൽ പരീക്ഷാ കൺട്രോളറുടെ നിർദ്ദേശമനുസരിച്ച് കരാറുകാരൻ അവ സജ്ജീകരിച്ചുനൽകാൻ ബാധ്യസ്ഥനാണ് .

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിനങ്ങളിൽ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽനിന്ന് ലഭ്യമാവുന്നതാണ്

ക്വട്ടേഷൻ നിർത്തിവെക്കാനും ആവശ്യമെങ്കിൽ വീണ്ടും ക്വൊട്ടേഷൻ ക്ഷണിക്കാനും പരീക്ഷാകൺട്രോളർക്ക് അധികാരമുണ്ടായിരിക്കുന്നതാണ് .

പരീക്ഷാ കൺട്രോളർ

To
നോട്ടീസ് ബോർഡ്

General Form of File EX/AR VI/29190/2021 (PART-I) Approved by CONTROLLER OF EXAMINATIONS on 18-Oct-2025 10:45 AM - Page 1